എരിമയൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളടാപ്പുകൾ നിലനിർത്താൻ നടപടി

118 [5385] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരിമയൂർ ഗ്രാമപഞ്ചായത്തിൽ കേരളാ വാട്ടർ അതോറ്റിയുടെ കണക്ഷനുകളുടെ നടത്തിപ്പും പരിപാലനവും ഏറ്റെടുത്തിട്ടുള്ള ടി. എം. സി.-കൾ അതോറിറ്റി ഉപഭോക്താക്കൾക്ക് കുടിവെള്ളം നിഷേധിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട്;

(സി) വെള്ളം നിഷേധിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ട്രാൻസിറ്റ് മെയിന്റനൻസ് കമ്മിറ്റികൾ പൊതുടാപ്പുകൾ വേണ്ടെന്ന് വച്ചിട്ടുണ്ടോ;

(ഇ) ഇതിൻപ്രകാരം എത്ര ടാപ്പുകൾ വേണ്ടെന്നുവച്ചു;

(എഫ്) പൊതുടാപ്പുകൾ തുടർന്നും നിലനിർത്താൻ ഗ്രാമപഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) 79 എണ്ണം

(എഫ്) പഞ്ചായത്തിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്.

കുനിശ്ശേരി-അങ്കമശാല ശുദ്ധജലവിതരണ സമിതി

119 [5386] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുനിശ്ശേരി-അങ്കമശാല ശുദ്ധജല വിതരണസമിതി (രജി. നമ്പർ. സി. എ. 605) യുടെ പ്രവൃത്തികളെ സംബന്ധിച്ച് സർക്കാരിന് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽനിന്നെല്ലാം; എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly